**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3007** **25-10-2021 - ൽ മറുപടിയ്ക്ക്**

**പൊതുമരാമത്തു വകുപ്പിന്റെ വിവിധ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ. കെ.പി.മോഹനൻ | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | പൊതുമരാമത്ത് വകുപ്പിൻ കീഴിൽ നടപ്പാക്കുന്ന റോഡ്, പാലം, ഫ്ലൈ ഓവറുകൾ, ബൈപാസ്സുകൾ എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ നിശ്ചിത സമയത്തിനുള്ളിൽ പൂർത്തീകരിക്കാത്തതിനാൽ വലിയ നഷ്ടം സംഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ. എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | (എ) | പൊതുമരാമത്ത് വകുപ്പിന് കീഴിൽ നടപ്പാക്കുന്ന നിർമ്മാണ പ്രവൃത്തികൾ നിശ്ചിത സമയത്തിനുള്ളിൽ തന്നെ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ യഥാസമയം സ്വീകരിച്ചു വരുന്നുണ്ട്. കയ്യേറ്റം ഒഴിപ്പിക്കലുമായി ബന്ധപ്പെട്ട കോടതി വ്യവഹാരങ്ങൾ, KWA, KSEB, ടെലികോം കമ്പനികൾ എന്നിവയുടെ പൈപ്പുകൾ, കേബിളുകൾ എന്നിവ മാറ്റിസ്ഥാപിക്കുന്നതിൽ വരുന്ന കാലതാമസം, കാലവർഷം, കോവിഡ് 19 മാനദണ്ഡം കാരണം നിർമ്മാണ മേഖലയിൽ ഉണ്ടായ തടസ്സങ്ങൾ എന്നിവ മൂലം മരാമത്ത് പണികൾ തടസ്സപ്പെടുന്നുണ്ട്. എല്ലാ പ്രവൃത്തികളും ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ, ഓവർസിയർ എന്നിവരുടെ നേരിട്ടുള്ള മേൽ നോട്ടത്തിൽ നടത്തപ്പെടുന്നതിനു പുറമെ ഉന്നത ഉദ്യോഗസ്ഥർ ആവശ്യകത അനുസരിച്ച് പ്രവൃത്തി സ്ഥലം സന്ദർശിക്കുകയും കാലാകാലങ്ങളിൽ ബന്ധപ്പെട്ട വകുപ്പുകൾ, കരാറുകാർ, ഉദ്യോഗസ്ഥർ എന്നിവരുടെ അവലോകനയോഗം നടത്തുകയും പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള തടസ്സങ്ങൾ ദൂരീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു വരുന്നുണ്ട്. പ്രവൃത്തികളുടെ സുഗമമായ നടത്തിപ്പിനും വിവിധ വകുപ്പുകളുടെ ഏകോപനത്തിനുമായി District Infrastructure Co-ordination Committee-കൾ രൂപീകരിച്ചിട്ടുണ്ട്. മതിയായ കാരണങ്ങൾ ഇല്ലാതെ പ്രവൃത്തി കാലാവധിക്കുള്ളിൽ പൂർത്തീകരിക്കാത്ത കരാറുകാരുടെ കാലാവധി പിഴയോടുകൂടി ദീർഘിപ്പിച്ചു നൽകുന്നു. എന്നാൽ തുടർന്നും പ്രവൃത്തി പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിച്ചില്ലെങ്കിൽ കരാറുകാരന്റെ തന്നെ നഷ്ടോത്തരവാദിത്തത്തിൽ ഒഴിവാക്കി, പ്രവൃത്തി റീടെണ്ടർ ചെയ്യുകയും |

| | | | |
|---|---|---|---|
| | | | കരാറുകാരനെ കരിമ്പട്ടികയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിക്കാറുണ്ട്. പാലം നിർമ്മാണത്തിനുള്ള സ്ഥലമെടുപ്പ് കോടതി വ്യവഹാരം മൂലം നീണ്ടു പോകുന്നതുകൊണ്ടും, Utility Shifting-ൽ വരുന്ന താമസവും, അതിവർഷം മൂലം ഹൈഫ്ലഡ് ലെവലിലുള്ള ഉയർച്ച കൊണ്ട് ഡിസൈനിൽ ഉണ്ടാകുന്ന മാറ്റം കൊണ്ടും, പാലങ്ങളുടെ നിർമ്മാണം പൂർത്തിയാകുന്നതിന് താമസം നേരിടാറുണ്ട്. |
| (ബി) | സർക്കാർ പദ്ധതികൾ കൃത്യസമയത്ത് പൂർത്തീകരിക്കാൻ കൃത്യമായ സമയ പരിധി ടെണ്ടറിൽ തന്നെ ഉറപ്പുവരുത്തി പദ്ധതി പൂർത്തീകരണം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ? | (ബി) | പൊതുമരാമത്ത് വകുപ്പിന് കീഴിലെ പദ്ധതികൾ കൃത്യസമയത്ത് പൂർത്തീകരിക്കാൻ കൃത്യമായ സമയപരിധി ടെണ്ടർ നോട്ടീസിൽ തന്നെ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതു കൂടാതെ കരാറിലും സമയപരിധി ഉൾപ്പെടുത്തുകയും സമയബന്ധിതമായി പൂർത്തീകരിക്കേണ്ടുന്നതിന് ആവശ്യമായ പൊതുമരാമത്ത് വകുപ്പ് മാന്വൽ പ്രകാരമുള്ള നിബന്ധനകളും നിർദ്ദേശങ്ങളും Standard Bid Document- ൽ ഉൾപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. നിശ്ചിത കാലാവധിക്കുള്ളിൽ തന്നെ പ്രവൃത്തി പൂർത്തീകരിക്കുവാൻ വേണ്ട നടപടി സ്വീകരിക്കാറുണ്ട്. പ്രവൃത്തി കാലാവധി നീട്ടികൊണ്ടു പോകുന്നത് നിരുത്സാഹപ്പെടുത്തുന്നതിനായി വ്യക്തമായ കാരണങ്ങളില്ലാതെ സമയപരിധി നീട്ടുന്നതിനായി കരാറുകാരൻ ആവശ്യപ്പെടുന്ന പക്ഷം ഫൈൻ ഈടാക്കി വരുന്നു. സമയ ക്ലിപ്തത പാലിക്കുന്നതിനായി മരാമത്ത് പ്രവൃത്തികളുടെ അവലോകന യോഗങ്ങൾ കൃത്യമായ ഇടവേളകളിൽ സർക്കാർ തലത്തിലും ഉദ്യോഗസ്ഥ തലത്തിലും നടത്താറുണ്ട്. കൂടാതെ നിർമ്മാണ പുരോഗതി വിലയിരുത്തുന്നതിനും ഏകോപനത്തിനുമായി ഡിസ്ട്രിക്റ്റ് ഇൻഫ്രാസ്ട്രക്ച്ചർ കോർഡിനേഷൻ കമ്മിറ്റികൾ (DICC) രൂപീകരിച്ച് കൃത്യമായ ഇടവേളകളിൽ യോഗം ചേരുന്നു. |

സെക്ഷൻ ഓഫീസർ